# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3656 20.06.2019 - ൽ മറുപടിയ്ക്ക്

## ചികിത്സാപ്പിഴവുകൾ സംബന്ധിച്ച പരാതികളിന്മേൽ എടുത്ത നടപടി

| | ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് വന്ന അർബുദമില്ലാത്ത വനിതയെ കീമോതെറാപ്പിക്ക് വിധേയമാക്കിയ പരാതിയിൽ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ എടുത്തു; വിശദമാക്കാമോ; | (എ) | കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് വന്ന വനിതയ്ക്ക് അർബുദമില്ലാതെ കീമോതെറാപ്പി നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രിൻസിപ്പാൾ തലത്തിൽ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ ഡോക്ടറുടെ ഭാഗത്തു നിന്നും ചികിത്സ സംബന്ധിച്ച് പിഴവുണ്ടായതായി പരാമർശമില്ല. എന്നിരുന്നാലും സംഭവത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സ കിട്ടാതെവന്നതിന്റെ പേരിൽ മരിച്ചുപോയ കട്ടപ്പന സ്വദേശിയുടെ ബന്ധുക്കളുടെ പരാതിയിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വിശദമാക്കുമോ? | (ബി) | ബന്ധുക്കളുടെ പരാതിയൊന്നും ലഭിച്ചതായി ശ്രദ്ധയിൽ വന്നിട്ടില്ല |

സെക്ഷൻ ഓഫീസർ